**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2017** **16-03-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ സുരക്ഷ ഒരുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | null<br>(മുഖ്യമന്ത്രി) | |
| (എ) | കേരള തീരത്ത് അനധികൃതമായി കടക്കുന്നവരെ കണ്ടെത്തുന്നതിനും തീരദേശ സുരക്ഷ ഒരുക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കോസ്റ്റൽ സെക്യൂരിറ്റി സ്കീം പ്രകാരം കേരളത്തിൽ നിലവിൽ 18 തീരദേശ പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. എല്ലാ തീരദേശ പോലീസ് സ്റ്റേഷനുകളും കേന്ദ്രീകരിച്ച് കടലിൽ ബോട്ട് പട്രോളിംഗും തീരദേശ മേഖലയിൽ ബീറ്റ് ഡ്യൂട്ടിയും ചെയ്ത് വരുന്നു. തീരമേഖലയിൽ അനധികൃതമായി കടക്കുന്നവരെ കണ്ടെത്തുവാനും സുരക്ഷ ഒരുക്കുന്നതിനുമായി തീരദേശ നിവാസികളെ ഉൾപ്പെടുത്തി കടലോര ജാഗ്രതാ സമിതി രൂപീകരിക്കുകയും സമിതികളുടെ നേതൃത്വത്തിൽ ഇന്റലിജൻസ് ശേഖരണം, ബീറ്റ് പട്രോളിംഗ് എന്നിവ ഫലപ്രദമായി നടത്തി വരുന്നു. കൂടാതെ പ്രസ്തുത പ്രവൃത്തികൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാന തലത്തിൽ വർഷത്തിൽ രണ്ടു തവണ വീതം ചീഫ് സെക്രട്ടറി, നേവൽ ചീഫ് കൊച്ചി എന്നിവരുടെ നേതൃത്വത്തിൽ ജോയിന്റ് കോസ്റ്റൽ റിവ്യൂ മീറ്റിങ്ങും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാന തല കോസ്റ്റൽ സെക്യൂരിറ്റി അവലോകനയോഗവും നടത്തി വരുന്നു. |
| (ബി) | തീരദേശവാസികളിൽ നിന്നും സേനയിലേയ്ക്ക് എത്ര പേരെയാണ് മുൻപ് റിക്രൂട്ട് ചെയ്തിട്ടുള്ളത്; | (ബി) | തീരസുരക്ഷയുടെ ഭാഗമായി പോലീസ് സേനയെ സഹായിക്കുന്നതിന് 200 കോസ്റ്റൽ വാർഡൻ തസ്തികകൾ സൃഷ്ടിച്ചു. മത്സ്യബന്ധന തൊഴിലാളികളിൽ നിന്നും റിക്രൂട്ട് ചെയ്തവരിൽ ഒന്നാം ഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കിയ 176 പേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ കോസ്റ്റൽ വാർഡൻ തസ്തികയിൽ 35 ഒഴിവുകൾ ഉണ്ട്. ആയത് നികത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കൂടുതൽ തീരദേശവാസികളെ റിക്രൂട്ട് ചെയ്ത് സേനയുടെ ഭാഗമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | തീരസുരക്ഷയുടെ ഭാഗമായി പോലീസ് സേനയെ സഹായിക്കുന്നതിന് 200 കോസ്റ്റൽ വാർഡൻ തസ്തികകൾ സൃഷ്ടിച്ചു. മത്സ്യബന്ധന |

| | | | |
|---|---|---|---|
| | | | തൊഴിലാളികളിൽ നിന്നും റിക്രൂട്ട് ചെയ്തവരിൽ ഒന്നാം ഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കിയ 176 പേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ കോസ്റ്റൽ വാർഡൻ തസ്തികയിൽ 35 ഒഴിവുകൾ ഉണ്ട്. ആയത് നികത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ